## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1347

22/03/2013-ൽ
മറുപടിയ്ക്കുണ്ടായിരുന്നത്

### പശ്ചിമഘട്ട വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പശ്ചിമഘട്ട വികസന പദ്ധതിയ്ക്കായി 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വകയിരുത്തുകയുണ്ടായി ; | (എ) പശ്ചിമഘട്ട വികസന പദ്ധതിയ്ക്കായി 2011-2012 സാമ്പത്തിക വർഷത്തിൽ 37.37 കോടി രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 54.00 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. |
| (ബി) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | (ബി) പശ്ചിമഘട്ട വികസന പദ്ധതി പശ്ചിമഘട്ട പ്രദേശങ്ങളിലെ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ സംരക്ഷണത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയിൽ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം അനുവദിക്കുന്നില്ല. |
| (സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2011 മെയ് മാസത്തിനു ശേഷം ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ; വകയിരുത്തിയ തുക ഏതു ജില്ലയിലെ ഏതു നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രവർത്തികൾക്കാണെന്ന വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (സി) വിവരം അനുബന്ധമായി ചേർക്കുന്നു. |

Bijumon

സെക്ഷൻ ഓഫീസർ